**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3359** **11-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ 2024 വരെ സർക്കാർ വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദവിവരങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ അറിയിക്കാമോ; | (എ) | 2016 മുതൽ 2024 വരെ സർക്കാർ വിതരണം ചെയ്ത പട്ടയങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പട്ടയ വിതരണത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈകൊണ്ടത്; വിശദീകരിക്കാമോ; | (ബി) | '1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു നൽകൽ ആക്ട്'-ന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശങ്ങളിലുള്ള സർക്കാർ ഭൂമിക്ക് '1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ' പ്രകാരവും. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ സർക്കാർ ഭൂമിക്ക് '1995 ലെ കേരള മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്നതു സംബന്ധിച്ച ചട്ടങ്ങൾ' പ്രകാരവുമാണ് ഭൂരഹിതർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നത്.<br><br>ഇപ്രകാരം പട്ടയം അനുവദിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും "എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ" എന്ന ലക്ഷ്യം നിറവേറ്റുന്നതിനുമായി റവന്യൂ വകുപ്പ് പട്ടയം മിഷൻ എന്ന കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാണ്.<br><br>1964-ലെയും 1995-ലെയും ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം രൂപികൃതമായതും അതാത്പ്രദേശങ്ങളിലെ നിയമസഭാ സാമാജികർ ഉൾപ്പെടുന്നതുമായ ഭൂപതിവ് കമ്മിറ്റികൾ അതാത് കാലങ്ങളിൽ ചേർന്ന് അർഹത നിർണ്ണയിക്കുന്ന മുറയ്ക്കാണ് ഭൂരഹിതർക്ക് പട്ടയം അനുവദിച്ചു വരുന്നത്. ഇത് കൂടാതെ വിവിധ നിയമ പ്രശ്നങ്ങൾ കാരണം ഇതുവരെയും പട്ടയം നൽകിയിട്ടില്ലാത്ത കേസുകൾ കണ്ടെത്തി പരിഹരിക്കുന്നതിനുവേണ്ടി നിയോജകമണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ ചേർന്ന് ആയതിൽ ഉയർന്നു വരുന്ന |

പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിയമസഭാ നിയോജക മണ്ഡലത്തിലെ മുഴുവൻ ജനപ്രതിനിധികളും റവന്യൂ ഉദ്യോഗസ്ഥരും അടങ്ങുന്നതാണ് പട്ടയ അസംബ്ലികൾ. പട്ടയ അസംബ്ലിയിൽ ഉയർന്നുവന്ന എല്ലാ പട്ടയ പ്രശ്നങ്ങളും പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടയ ഡാഷ്ബോർഡിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാതല റിവ്യൂ ബഹു. റവന്യൂ വകുപ്പ് മന്ത്രി 09.10.2023 മുതൽ 10.11.2023 വരെയും, 20.06.2024 മുതൽ 09.07.2024 വരെയുമുള്ള തീയതികളിലായി 2 തവണ നടത്തിയിട്ടുണ്ട്. 07.01.2024 മുതൽ 10.01.2024 വരെയുള്ള തീയതികളിലായി റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും, 21.12.2023 മുതൽ 30.12.2023 വരെ ലാൻഡ് റവന്യൂ കമ്മീഷണറും റിവ്യൂ യോഗങ്ങൾ ജില്ലാ തലത്തിൽ നടത്തുകയുണ്ടായി.

ഇത് കൂടാതെ ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലകളെ ദക്ഷിണ - മധ്യ - ഉത്തര എന്നിങ്ങനെ മൂന്ന് മേഖലകളായി തിരിച്ച് യഥാക്രമം 28.01.2025, 31.01.2025, 03.02.2025 എന്നീ തീയതികളിലായി മേഖലാ യോഗങ്ങൾ നടത്തിയിട്ടുള്ളതും, അതിനു മുന്നോടിയായി സംസ്ഥാന പട്ടയ മിഷന്റെ ആഭിമുഖ്യത്തിൽ 08.01.2025 മുതൽ 16.01.2025 വരെ ഓൺലൈനായി പ്രീ-സോണൽ യോഗങ്ങൾ നടത്തി പട്ടയപ്രശ്നങ്ങൾ അവലോകനം ചെയ്തിട്ടുള്ളതുമാണ്.

സംസ്ഥാനത്തൊട്ടാകെയുള്ള അതിദരിദ്രരായ വ്യക്തികളെ കണ്ടെത്തി ഭൂമി അനുവദിക്കുന്നതിനുള്ള നടപടികളും ജില്ലാ തലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്.

മേൽ പരാമർശിച്ചത് കൂടാതെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പട്ടയ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പട്ടയ അസംബ്ലികൾ 2025 മാർച്ച് 1 മുതൽ 31 നകം കൂടുന്നതിനായും, പട്ടയ ഡാഷ് ബോർഡ് മുഖേനയുള്ള പട്ടയ പ്രശ്ന പരിഹാര പുരോഗതി പ്രസ്തുത യോഗത്തിൽ വിലയിരുത്തുന്നതിനും, ഇതുവരെ പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്താത്ത പ്രശ്നങ്ങൾ അവശേഷിക്കുന്നുണ്ടോ എന്ന് നിർണ്ണയിക്കുന്നതിനും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും, ജില്ലാ തലത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ നടന്നു വരുന്നതുമാണ്.

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ പട്ടയ വിതരണ നടപടികളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രി, റവന്യൂ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി തുടങ്ങിയവരുടെ അദ്ധ്യക്ഷതയിൽ യോഗങ്ങൾ വിളിച്ചു ചേർത്തിട്ടുള്ളതും ചട്ടഭേദഗതി ആവശ്യമുള്ള പക്ഷം ആയത് പരിശോധിക്കുന്നതിനും തീരുമാനമായിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചില സർക്കാർ ഭൂമിക്ക് പട്ടയം നൽകുന്നതിനായി പുനർനിക്ഷിപ്തം ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. വനം, ഇറിഗേഷൻ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട പട്ടയപ്രശ്നങ്ങൾ നിലനിൽക്കുന്ന ഭൂമിയിലെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.വനം വകുപ്പ് മന്ത്രി, ബഹു.ജലവിഭവ വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിധ്യത്തിലും റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ നടത്തിയിട്ടുള്ളതും പ്രസ്തുത യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നതുമാണ്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തൊട്ടാകെ ആകെ 1,80,887 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | പട്ടയം വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ; | (സി) | '1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു നൽകൽ ആക്ട്'-ന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശങ്ങളിലുള്ള സർക്കാർ ഭൂമിക്ക് '1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ' പ്രകാരവും. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ സർക്കാർ ഭൂമിക്ക് '1995 ലെ കേരള മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്നതു സംബന്ധിച്ച ചട്ടങ്ങൾ' പ്രകാരവുമാണ് ഭൂരഹിതർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നത്.<br><br>ഇപ്രകാരം പട്ടയം അനുവദിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും "എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ" എന്ന ലക്ഷ്യം നിറവേറ്റുന്നതിനുമായി റവന്യൂ വകുപ്പ് പട്ടയം മിഷൻ എന്ന കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാണ്.<br><br>1964-ലെയും 1995-ലെയും ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം രൂപീകൃതമായതും അതാത്പ്രദേശങ്ങളിലെ നിയമസഭാ സാമാജികർ ഉൾപ്പെടുന്നതുമായ ഭൂപതിവ് |

കമ്മിറ്റികൾ അതാത് കാലങ്ങളിൽ ചേർന്ന് അർഹത നിർണ്ണയിക്കുന്ന മുറയ്ക്കാണ് ഭൂരഹിതർക്ക് പട്ടയം അനുവദിച്ച വരുന്നത്. ഇത് കൂടാതെ വിവിധ നിയമ പ്രശ്നങ്ങൾ കാരണം ഇതുവരെയും പട്ടയം നൽകിയിട്ടില്ലാത്ത കേസുകൾ കണ്ടെത്തി പരിഹരിക്കുന്നതിനുവേണ്ടി നിയോജകമണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ ചേർന്ന് ആയതിൽ ഉയർന്നു വരുന്ന പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിയമസഭാ നിയോജക മണ്ഡലത്തിലെ മുഴുവൻ ജനപ്രതിനിധികളും റവന്യൂ ഉദ്യോഗസ്ഥരും അടങ്ങുന്നതാണ് പട്ടയ അസംബ്ലികൾ. പട്ടയ അസംബ്ലിയിൽ ഉയർന്നുവന്ന എല്ലാ പട്ടയ പ്രശ്നങ്ങളും പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടയ ഡാഷ്ബോർഡിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാതല റിവ്യൂ ബഹു. റവന്യൂ വകുപ്പ് മന്ത്രി 09.10.2023 മുതൽ 10.11.2023 വരെയും, 20.06.2024 മുതൽ 09.07.2024 വരെയുമുള്ള തീയതികളിലായി 2 തവണ നടത്തിയിട്ടുണ്ട്. 07.01.2024 മുതൽ 10.01.2024 വരെയുള്ള തീയതികളിലായി റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും, 21.12.2023 മുതൽ 30.12.2023 വരെ ലാൻഡ് റവന്യ കമ്മീഷണറും റിവ്യൂ യോഗങ്ങൾ ജില്ലാ തലത്തിൽ നടത്തുകയുണ്ടായി.

ഇത് കൂടാതെ ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലകളെ ദക്ഷിണ - മധ്യ - ഉത്തര എന്നിങ്ങനെ മൂന്ന് മേഖലകളായി തിരിച്ച് യഥാക്രമം 28.01.2025, 31.01.2025, 03.02.2025 എന്നീ തീയതികളിലായി മേഖലാ യോഗങ്ങൾ നടത്തിയിട്ടുള്ളതും, അതിനു മുന്നോടിയായി സംസ്ഥാന പട്ടയ മിഷന്റെ ആഭിമുഖ്യത്തിൽ 08.01.2025 മുതൽ 16.01.2025 വരെ ഓൺലൈനായി പ്രീ-സോണൽ യോഗങ്ങൾ നടത്തി പട്ടയപ്രശ്നങ്ങൾ അവലോകനം ചെയ്തിട്ടുള്ളതുമാണ്.

സംസ്ഥാനത്തൊട്ടാകെയുള്ള അതിദരിദ്രരായ വ്യക്തികളെ കണ്ടെത്തി ഭൂമി അനുവദിക്കുന്നതിനുള്ള നടപടികളും ജില്ലാ തലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്.

മേൽ പരാമർശിച്ചത് കൂടാതെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പട്ടയ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പട്ടയ അസംബ്ലികൾ 2025 മാർച്ച് 1 മുതൽ 31 നകം കൂടുന്നതിനായും, പട്ടയ ഡാഷ് ബോർഡ് മുഖേനയുള്ള പട്ടയ പ്രശ്ന പരിഹാര പുരോഗതി പ്രസ്തുത

| | | | |
|---|---|---|---|
| | | | യോഗത്തിൽ വിലയിരുത്തുന്നതിനും, ഇതുവരെ പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്താത്ത പ്രശ്നങ്ങൾ അവശേഷിക്കുന്നുണ്ടോ എന്ന് നിർണ്ണയിക്കുന്നതിനും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും, ജില്ലാ തലത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ നടന്നു വരുന്നതുമാണ്.<br><br>സംസ്ഥാനത്തെ പട്ടയ വിതരണ നടപടികളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രി, റവന്യൂ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി തുടങ്ങിയവരുടെ അദ്ധ്യക്ഷതയിൽ യോഗങ്ങൾ വിളിച്ചു ചേർത്തിട്ടുള്ളതും ചട്ടഭേദഗതി ആവശ്യമുള്ള പക്ഷം ആയത് പരിശോധിക്കുന്നതിനും തീരുമാനമായിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചില സർക്കാർ ഭൂമിക്ക് പട്ടയം നൽകുന്നതിനായി പുനർനിക്ഷിപ്തം ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. വനം, ഇറിഗേഷൻ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട പട്ടയപ്രശ്നങ്ങൾ നിലനിൽക്കുന്ന ഭൂമിയിലെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.വനം വകുപ്പ് മന്ത്രി, ബഹു.ജലവിഭവ വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിധ്യത്തിലും റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ നടത്തിയിട്ടുള്ളതും പ്രസ്തുത യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നതുമാണ്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തൊട്ടാകെ ആകെ 1,80,887 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | പതിറ്റാണ്ടുകൾ പഴക്കമുള്ള മലബാർ ഭാഗത്തുള്ള പട്ടയ പ്രശ്നങ്ങളിൽ പരിഹാരമുണ്ടാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (ഡി) | മലബാർ മേഖലയുൾപ്പെടെ സംസ്ഥാനമൊട്ടാകെയുള്ള പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായും, ഇപ്രകാരം പട്ടയം അനുവദിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും "എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ” എന്ന ലക്ഷ്യം നിറവേറ്റുന്നതിനായും റവന്യൂ വകുപ്പ് 'പട്ടയം മിഷൻ' എന്ന കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാണ്.<br><br>മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ മൊറയൂർ വില്ലേജിൽ പാറ പുറമ്പോക്കിൽ ദീർഘ കാലമായി താമസിച്ചു വരുന്ന 23 കൈവശക്കാർക്ക് 1964-ലെ |

| | | | |
|---|---|---|---|
| | | | കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരമുപയോഗിച്ച് പട്ടയം അനുവദിക്കുന്നതിന് 22.02.2025 തീയതിയിൽ സ.ഉ.(കൈ) നം.53/2025/RD നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് 23 പേരുടെ പട്ടയ പ്രശ്നം പരിഹരിച്ചിട്ടുള്ളതാണ്.<br><br>ഏറനാട് താലൂക്കിലെ പയ്യനാട് വില്ലേജിൽ സത്രം ഭൂമി എന്നറിയപ്പെടുന്ന പ്രദേശത്തെ കൈവശക്കാരിൽ അർഹരായവരിൽ നിന്നും ഭൂനികുതി സ്വീകരിക്കുന്നതിനും, സാധു ആയ ആധാരങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ ഭൂമി കൈവശം വെക്കുന്ന അപേക്ഷകർക്ക് ലാൻഡ് ട്രൈബ്യൂണൽ മുഖേന ക്രയ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും 18.05.2024 തീയതിയിലെ സ.ഉ(കൈ)നം. 83/2024/RD പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>തിരൂർ താലൂക്കിലെ തിരുന്നാവായ വില്ലേജിൽ കൊടക്കൽ ടൈൽ ഫാക്ടറി മിച്ചഭൂമിക്കേസിലുൾപ്പെട്ട് ഭൂനികുതി അടവാക്കാനാവാതെ വന്ന 47 പേർക്ക് മൂന്നാം പട്ടയമേളയിലുൾപ്പെടുത്തി 13.06.2023-ന് മിച്ചഭൂമി പട്ടയം വിതരണം ചെയ്തിട്ടുണ്ട്.<br><br>കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിലെ ചാലിയാർ ഗ്രാമ പഞ്ചായത്തിലെ കണ്ണൻകുണ്ട് ബീറ്റിലും, ചുങ്കത്തറ ഗ്രാമ പഞ്ചായത്തിലെ നെല്ലിപ്പൊയിൽ-കൊടീരി ബീറ്റിലും, 50 സെന്റ് വീതമുള്ള പ്ലോട്ടുകളായും; ചാലിയാർ ഗ്രാമ പഞ്ചായത്തിലെ തന്നെ അത്തിക്കൽ ബീറ്റിൽ 20 സെന്റ് വീതമുള്ള പ്ലോട്ടുകളായും തിരിച്ച് ഭൂമി വിതരണം ചെയ്യുന്നതിന് റ്റി.ആർ.ഡി.എം ജില്ലാ മിഷൻ തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്. ഇപ്രകാരം കണ്ണൻകുണ്ട് ബീറ്റിൽ 50 സെന്റ് വീതമുള്ള 9 പ്ലോട്ടുകളും അത്തിക്കൽ ബീറ്റിൽ 20 സെന്റ് വീതമുള്ള 57 പ്ലോട്ടുകളും ചുങ്കത്തറ ഗ്രാമ പഞ്ചായത്തിലെ നെല്ലിപ്പൊയിൽ-കൊടീരി ബീറ്റിൽ 50 സെന്റ് വീതമുള്ള 81 പ്ലോട്ടുകളും വിതരണത്തിനായി തയ്യാറാക്കിയിട്ടുണ്ട്. രണ്ടാം ഘട്ട നിക്ഷിപ്ത വനഭൂമി വിതരണത്തിനായി ആകെ 417 അപേക്ഷകരുടെ ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം നൽകി റ്റി.ആർ.ഡി.എം ജില്ലാ മിഷനിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. ഗുണഭോക്തൃ തിരിച്ചറിയൽ കമ്മിറ്റിയുടെ ശുപാർശകൾ പരിശോധിച്ച് നിക്ഷിപ്ത വനഭൂമി വിതരണത്തിനായുള്ള ഗുണഭോക്താക്കളുടെ അന്തിമ |

| | | | | |
|---|---|---|---|---|
| | | | | പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.<br><br>പാലക്കാട് ജില്ലയിലെ തൃത്താല മണ്ഡലത്തിൽ വിവിധ നഗറുകളിലായി 51 പട്ടയങ്ങൾ അനുവദിച്ചിട്ടുണ്ട്.<br><br>തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ കുമരനെല്ലൂർ വില്ലേജിൽ ഉൾപ്പെട്ടതും തെലുങ്കർ കോളനിയിലെ 16 കൈവശക്കാർ താമസിച്ച് വരുന്നതുമായ 'സർക്കാർ പാറ" എന്ന് ബി.റ്റി.ആർ-ൽ പിശകായി രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ ഇനം പിശകായി രേഖപ്പെടുത്തിയതാണോ എന്ന വസ്തുത പരിശോധിച്ച് ഉത്തമ ബോധ്യം വന്ന ശേഷം എല്ലാ നടപടിക്രമങ്ങളും പാലിച്ച് കൊണ്ട് അടിസ്ഥാന രേഖയായ ബി.ടി.ആറിൽ ഇനം മാറ്റം വരുത്തുന്നതിന് അനുമതി നൽകി 27/05/2023-ലെ 32/എൽ3/2023/റവ നം. സർക്കാർ കത്ത് പ്രകാരം നിർദ്ദേശം നൽകിയതിനെ തുടർന്ന് പ്രസ്തുത പട്ടയപ്രശ്നം പരിഹരിച്ചിട്ടുള്ളതുമാണ്.<br><br>വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ കൽപ്പറ്റ വില്ലേജിൽ ഉൾപ്പെട്ട വുഡ്-ലാൻഡ്സ് എസ്റ്റേറ്റിൽ 281 പട്ടയങ്ങളും, സുൽത്താൻ ബത്തേരി താലൂക്കിലെ അമ്പലവയൽ വില്ലേജിലുൾപ്പെട്ട ചീങ്ങേരി പ്രദേശത്ത് 102 പട്ടയങ്ങളും, മാനന്തവാടി താലൂക്കിലെ തവിഞ്ഞാൽ വില്ലേജിലുൾപ്പെട്ട പാരിസൺസ് എസ്റ്റേറ്റ് പ്രദേശത്ത് 669 പട്ടയങ്ങളും ഈ സർക്കാരിന്റെ കാലത്ത് വിതരണം ചെയ്തിട്ടുണ്ട്.<br><br>കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലബാർ മേഖലയിൽ ഉൾപ്പെടുന്ന ജില്ലകളായ തൃശ്ശൂർ-28,717, പാലക്കാട്-41,879, മലപ്പുറം-33,365, കോഴിക്കോട് 20,286, വയനാട്- 4,214, കണ്ണൂർ-15,995, കാസർഗോഡ്-5,194 എന്നിങ്ങനെ പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം | ജില്ല | 2016-2021 | 2021-2024 | ആകെ |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 2426 | 4430 | 6856 |
| 2. | കൊല്ലം | 3348 | 2334 | 5682 |
| 3. | പത്തനംതിട്ട | 887 | 880 | 1767 |
| 4. | ആലപ്പുഴ | 1202 | 1327 | 2529 |
| 5. | കോട്ടയം | 1082 | 2685 | 3767 |
| 6. | ഇടുക്കി | 37815 | 13627* | 51442 |
| 7. | എറണാകുളം | 6217 | 5954 | 12171 |
| 8. | തൃശ്ശൂർ | 43887 | 28717 | 72604 |
| 9. | പാലക്കാട് | 18552 | 41879 | 60431 |
| 10. | മലപ്പുറം | 29120 | 33365 | 62485 |
| 11. | കോഴിക്കോട് | 10430 | 20286 | 30716 |
| 12. | വയനാട് | 3095 | 4214 | 7309 |
| 13. | കണ്ണൂർ | 10176 | 15995 | 26171 |
| 14 | കാസർഗോഡ് | 8774 | 5194 | 13968 |
| | **ആകെ** | **1,77,011** | **180887** | **3,57,898** |

*ഇടുക്കി ജില്ലയിലെ 3,227 പട്ടയങ്ങൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ബഹു. കേരള ഹൈകോടതി കൈവശ ഭൂമിക്ക് നല്കുന്ന പട്ടയങ്ങൾ വിതരണം ചെയ്യുന്നത് സ്റ്റേ ചെയ്തിട്ടുള്ള സാഹചര്യത്തിൽ വിതരണം ചെയ്തിട്ടില്ല.